പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - T 4136 21.07. 2015- ലെ മറുപടി

## വിദേശരാജ്യങ്ങളിൽ നിന്നും തിരിച്ചെത്തിയ നഴ്സുമാർ

ചോദ്യം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

എ) ആഭ്യന്തര സംഘർഷങ്ങൾ മൂലം വിദേശരാജ്യങ്ങളിൽ നിന്ന് മലയാളികളായ എത്ര നഴ്സുമാരും, പാരാമെഡിക്കൽ ജോലിചെയ്യുന്നവരും സംസ്ഥാനത്ത് തിരിച്ചെത്തിയെന്ന് വെളിപ്പെടുത്താമോ;

എ) ആഭ്യന്തരസംഘർഷങ്ങളെ ത്തുടർന്ന് ജോലി ഉപേക്ഷിച്ചു മടങ്ങിയെത്തിയ കേരളീയർക്കായി നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ 2195 പേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 1729 പേർ നഴ്സുമാരാണ്. മറ്റുള്ളവരുടെ വിശദാംശങ്ങൾ ലഭ്യമല്ല.

ബി) തിരിച്ചെത്തിയ എത്ര പേർക്ക് എത്ര രൂപാവീതം ധനസഹായം നൽകിയെന്ന് വിശദമാക്കാമോ ;

ബി) ഇറാഖിൽ നിന്നും തിരികെയെത്തിയ ആദ്യബാച്ചിലെ 46 പേർക്ക് 5000 രൂപ വീതവും, ലിബിയ, യമൻ എന്നീ രാജ്യങ്ങളിൽ നിന്നും വന്നവർക്ക് 2000 രൂപ വീതവും ട്രെയിൻ ടിക്കറ്റ് റീ-ഇംബേഴ്സ് ചെയ്തു നൽകിയ ഇനത്തിലുമായിധന സഹായം അനുവദിച്ചിരുന്നു. ഇറാഖ്, ലിബിയ, യെമൻ എന്നീ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയവർക്കുള്ള ധനസഹായമായി ആകെ 6319254 രൂപ ചെലവായിട്ടുണ്ട്.

സി)തിരിച്ചെത്തിയ എത്ര പേർക്ക് തൊഴിൽ നൽകിയെന്ന് വിശദമാക്കാമോ ?

സി) ആഭ്യന്തര കലാപ ബാധിത പ്രദേശങ്ങളിൽ നിന്നും തിരികെയെത്തിയ നഴ്സുമാർക്ക് തൊഴിൽ കണ്ടെത്തുന്നതിലേയ്ക്കായി നോർക്കയുടെ ജോബ് പോർട്ടലായ www.jobsnorka.gov.in -ൽ രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. തിരികെയെത്തിയവരിൽ 23 നഴ്സുമാർക്ക് സർക്കാർ മുൻകൈ എടുത്ത് എൻ.എം.സി ഗ്രൂപ്പിൽ ജോലി ലഭ്യമാക്കിയിരുന്നു. കൂടാതെ അഹല്ല്യ മെഡിക്കൽ ഗ്രൂപ്പിന്റെ അബുദാബിയിലുള്ള മെഡിക്കൽ സെന്ററുകളിലേയ്ക്കായി ഷോർട്ട് ലിസ്റ്റ് ചെയ്ത 159 പേരിൽ 17 പേരും യു.എ.ഇ യിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ഈ ഗ്രൂപ്പ് തെരഞ്ഞെടുത്ത മറ്റുള്ളവരുടെ യാത്രാ രേഖകൾ തയ്യാറായി വരുന്നു. ഇതിന് പുറമേ സൗദി അറേബ്യ, ഒമാൻ എന്നീ രാജ്യങ്ങളിൽ ആശുപത്രികളുള്ള അൽ-അബീർ മെഡിക്കൽ ഗ്രൂപ്പ് 153 നഴ്സുമാരെ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ